<u>15 -ാം കേരള നിയമസഭ</u>

<u>11 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 933</u> <u>12-06-2024 - ൽ മറുപടിയ്ക്ക്</u>

<u>സുഗന്ധഗിരിയിൽ അനധികൃതമായി മരങ്ങൾ കടത്തിയ സംഭവം</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എം. കെ. മുനീർ ,<br>ശ്രീ. ടി. വി. ഇബ്രാഹിം | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | വയനാട് സുഗന്ധഗിരിയിൽ 20 മരങ്ങൾ മുറിക്കാനുള്ള അനുമതിയുടെ മറവിൽ 106-ൽ പരം മരങ്ങൾ അനധികൃതമായി കടത്തിയ സംഭവത്തിൽ അന്വേഷണം നടത്തിയിരുന്നോ; വിവരം ലഭ്യമാക്കുമോ; | (എ) | വനം വകുപ്പ് വിജിലൻസ് വിഭാഗത്തിന്റെ പ്രത്യേക അന്വേഷണ സംഘം അന്വേഷണം നടത്തി റിപ്പോർട്ട് സർക്കാരിൽ ലഭ്യമാക്കിയിട്ടുണ്ട്.<br><br>സുഗന്ധഗിരി കാർഡമം പ്രോജക്ടിനായി റവന്യൂ വകുപ്പിന് കൈമാറിയതും റവന്യൂ വകുപ്പ് ഭൂരഹിതരായ ആദിവാസികൾക്ക് കൈവശാവകാശം നൽകിയതുമായ സുഗന്ധഗിരി നിക്ഷിപ്ത വന ഭൂമിയിൽ ആദിവാസി കോളനിയിലെ വീടുകൾക്ക് ഭീഷണിയായി നിന്ന ഇരുപതു മരങ്ങൾ മുറിക്കാൻ നൽകിയ പെർമിറ്റിന്റെ അടിസ്ഥാനത്തിൽ 19 മരങ്ങൾ മുറിക്കുകയും തുടർന്ന് പ്രസ്തുത പെർമിറ്റിന്റെ മറവിൽ വിവിധ ഇനത്തിൽപ്പെട്ട 107 മരങ്ങൾ അനധികൃതമായി മുറിച്ച് നീക്കം ചെയ്ത കുറ്റത്തിന് കൽപ്പറ്റ റെയിഞ്ചിൽ ഒ.ആർ. 01/2024, 02/2024, 05/2024 എന്നീ നമ്പറുകളിലായി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി നിലവിൽ 15 പ്രതികളെ അറസ്റ്റ് ചെയ്ത് കൽപ്പറ്റ ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതി മുമ്പാകെ ഹാജരാക്കി റിമാന്റ് ചെയ്യുകയും തുടർന്ന് ജാമ്യത്തിൽ വിട്ടയച്ചിട്ടുമുണ്ട്. കേസുകളിൽ ഉൾപ്പെട്ട തൊണ്ടി മുതലുകൾ കടത്താൻ ഉപയോഗിച്ച 6 വാഹനങ്ങൾ പിടിച്ചെടുത്ത് കേരള വന നിയമം 61 (എ) പ്രകാരം തുടർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മുറിച്ച മരങ്ങളിൽ നിന്നുള്ള 370 തടി കഷണങ്ങൾ (159.48$m^3$) കണ്ടെത്തിയിട്ടുള്ളതും ആയതിന്റെ കോറിലേഷൻ നടപടികൾ പുരോഗമിച്ചു വരുന്നതുമാണ്. ഡിവിഷൻ തലത്തിൽ വിവിധ റെയിഞ്ചുകളിലെ ജീവനക്കാരെ ഉൾപ്പെടുത്തി പ്രത്യേക അന്വേഷണ സംഘം രൂപീകരിച്ച് മേൽ കേസുകളുടെ തുടർ അന്വേഷണം ഊർജ്ജിതമാക്കിയിട്ടുണ്ട്.<br><br>മരംമുറിയുമായി ബന്ധപ്പെട്ട ഗൂഢാലോചന അടക്കമുള്ള കാര്യങ്ങൾ അന്വേഷിക്കുന്നതിനായി |

| | | | |
|---|---|---|---|
| | | | **വിജിലൻസ് വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട്.** |
| (ബി) | പ്രസ്തുത സംഭവത്തിൽ വീഴ്ച വരുത്തിയവർ ആരെല്ലാമാണെന്ന് അന്വേഷണത്തിൽ കണ്ടെത്തിയിട്ടുണ്ടോ; അവർക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കുമോ; | (ബി) | **ഉണ്ട്, സുഗന്ധഗിരി പ്രദേശത്ത് നടന്ന അനധികൃത മരം മുറിയുമായി ബന്ധപ്പെട്ട് ആയത് തടയുന്നതിനും, യഥാസമയം കണ്ടെത്തുന്നതിനും, സംരക്ഷണ പ്രവർത്തനങ്ങളിൽ ജാഗ്രത പാലിക്കാതിരിക്കുകയും ചെയ്ത കുറ്റത്തിന് ഒരു റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ, ഒരു സെക്ഷൻ ഫോറസ്റ്റ് ഓഫീസർ, രണ്ട് ബീറ്റ് ഫോറസ്റ്റ് ഓഫീസർമാർ, രണ്ട് ഫോറസ്റ്റ് വാച്ചർമാരെ എന്നീ വിഭാഗം ജീവനക്കാരെ കണ്ടെത്തി അന്വേഷണ വിധേയമായി സേവനത്തിൽ നിന്നും സസ്പെന്റ് ചെയ്തിട്ടുണ്ട്.**<br><br>**ആവശ്യമായ ഫീൽഡ് പരിശോധന നടത്താത്തതും കൃത്യനിർവ്വഹണത്തിലുള്ള ജാഗ്രതക്കുറവും മുൻനിർത്തി സൗത്ത് വയനാട് ഡി.എഫ്.ഒ-യെയും കൽപ്പറ്റ ഫ്ളയിംഗ് സ്ക്വാഡ് റെയിഞ്ചിലെ റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ, സെക്ഷൻ ഫോറസ്റ്റ് ഓഫീസർ (ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ ഗ്രേഡ്) എന്നിവരെയും സ്ഥലം മാറ്റിയിട്ടുണ്ട്.**<br><br>**കുറ്റാരോപിതയായ റെയിഞ്ച് ഫോറസ്റ്റ് ഓഫീസർക്ക് 1960 ലെ കേരള സിവിൽ സർവ്വീസ് (തരം തിരിക്കലും, നിയന്ത്രണവും, അപ്പീലും) ചട്ടങ്ങൾ പ്രകാരം അച്ചടക്ക നടപടി സ്വീകരിച്ച് വരുന്നു. മുൻ സൗത്ത് വയനാട് ഡി.എഫ്.ഒയിൽ നിന്നും വിശദീകരണം ആവശ്യപ്പെട്ട് മെമ്മോ നൽകി തുടർനടപടികൾ സ്വീകരിച്ചു വരുന്നു. മറ്റു കുറ്റാരോപിതർക്കെതിരെ 1960 ലെ കേരള സിവിൽ സർവ്വീസ് (തരം തിരിക്കലും, നിയന്ത്രണവും, അപ്പീലും) ചട്ടങ്ങൾ പ്രകാരം അച്ചടക്ക നടപടി വനം വകുപ്പ് ആസ്ഥാനത്ത് സ്വീകരിച്ച് വരുന്നു.** |
| (സി) | ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (സി) | **ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ അടിയന്തര തുടർനടപടികൾ കൈക്കൊള്ളുന്നതിന് താഴെപ്പറയുന്ന നിർദ്ദേശങ്ങൾ ഉത്തരമേഖലാ കൺസർവേറ്റർക്ക് നൽകിയിട്ടുണ്ട്.**<br>**1. സെക്ഷനുകളിലെ ബീറ്റ് ഫോറസ്റ്റ് ഓഫീസർമാർക്ക് ബീറ്റ് അടിസ്ഥാനത്തിൽ ചുമതലകൾ നിയോഗിച്ച് നൽകേണ്ടതും ബന്ധപ്പെട്ട ബീറ്റിൽ ഉണ്ടാകുന്ന ഏത് തരത്തിലുള്ള വനം വന്യജീവി കുറ്റകൃത്യങ്ങൾ, കാട്ടുതീ എന്നിവയിൽ മേൽ ജീവനക്കാർ ഉത്തരവാദികളായിരിക്കും. സെക്ഷനിലെ പൊതുവായി ഉണ്ടാകുന്ന സംരക്ഷണ പ്രവർത്തനങ്ങളിലെ വീഴ്ചകൾക്ക് സെക്ഷനിലെ മുഴുവൻ ജീവനക്കാർക്കും ഉത്തരവാദിത്വം ഉണ്ടായിരിക്കുന്നതാണ്.**<br>**2. വാച്ചർമാരെ അവർ താമസിക്കുന്ന സ്ഥലത്തിനടുത്ത് ഡ്യൂട്ടിക്ക് നിയമിക്കുന്ന പ്രവണത** |

| | | | |
|---|---|---|---|
| | | | ഒഴിവാക്കേണ്ടതും ദീർഘകാലം ഒരേ സെക്ഷനിൽ ജോലി ചെയ്യുന്ന സാഹചര്യം ഒഴിവാക്കേണ്ടതുമാണ്.<br>3. ഫോം 4 പാസ്സുകൾ നിശ്ചിത എണ്ണത്തിൽ കൂടുതൽ ഒരുമിച്ച് പരിശോധന നടത്താതെ അനുവദിക്കുന്ന സാഹചര്യം ഒഴിവാക്കേണ്ടതാണ്. ഓൺലൈൻ മുഖേന തടികളുടെ ഉറവിടം ഉറപ്പുവരുത്താനുള്ള നിയന്ത്രണങ്ങൾ കൊണ്ടുവന്ന് ഫോം 4 പാസ്സുകൾ ഓൺലൈൻ മുഖേന അനുവദിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ആരംഭിക്കുക. ഫോറസ്റ്റ് വിജിലൻസ് വിഭാഗം ആയത് നിശ്ചിത ഇടവേളകളിൽ പരിശോധന നടത്തേണ്ടതാണ്.<br>4. തിന്നിങ്ങ്, ഫൈനൽ ഫെല്ലിങ്ങ് തുടങ്ങിയ ടിമ്പർ ജോലികൾ, ജീവനും സ്വത്തിനും ഭീഷണിയുള്ള മരങ്ങൾ മുറിക്കുന്ന പ്രവൃത്തികൾ, മറ്റ് പ്രധാന പ്രവൃത്തികൾ എന്നിവ നടത്തുന്നത് ബന്ധപ്പെട്ട സെക്ഷൻ ഫോറസ്റ്റ് ഓഫീസറുടെ നേതൃത്വത്തിൽ ഫീൽഡ് ജീവനക്കാരുടെ ഒരു വിദഗ്ധ ടീമിനെ നിയോഗിച്ചുകൊണ്ടാണെന്ന് ഉറപ്പുവരുത്തേണ്ടതാണ്. |

സെക്ഷൻ ഓഫീസർ